പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നംപർ. 6285 31/10/2011 ൽ മറുപടിയ്ക്ക്

# വയോജന സംരക്ഷണ നിയമം

ചോദ്യം ഉത്തരം

ശ്രീ. പി.കെ. ബഷീർ : ഡോ. എം.കെ. മുനീർ :

(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) മക്കളും ബന്ധുജനങ്ങളും ഉപേക്ഷിച്ച വയോജനങ്ങളുടെ സംരക്ഷണാർത്ഥം നടപ്പിലാക്കിയ വയോജന സംരക്ഷണ നിയമം ഫലപ്രദമായി നടപ്പിലാക്കുന്നില്ല എന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കേരളത്തിൽ ഈ നിയമപ്രകാരം എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ട് ; | (ബി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |
| (സി) പ്രസ്തുത നിയമം ഫലപ്രദമായി നടപ്പിലാക്കുവാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (സി) വൃദ്ധസദനങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനുമായി വയോജന കൗൺസിൽ അംഗങ്ങളുടെ സബ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.<br>മെയിന്റനൻസ് ആന്റ് വെൽഫെയർ ഓഫ് പാരന്റ്സ് ആൻറ് സീനിയർ സിറ്റിസൺസ് ആക്ട് 2007, റൂൾസ് 2009 നിലവിൽ വന്നിട്ടുണ്ട്. ഓരോ സബ് ഡിവിഷനിലും മെയിന്റനൻസ് ട്രിബ്യൂണൽ രൂപീകരിക്കുകയും റവന്യൂ ഡിവിഷണൽ ഓഫീസർമാരെ ഓരോ ട്രിബ്യൂണലിന്റേയും പ്രിസൈഡിംഗ് ഓഫീസറായി നിയമി ക്കുകയും ചെയ്തിട്ടുണ്ട്. എല്ലാ ജില്ലകളിലും |

| | |
|---|---|
| | വയോജനങ്ങളുടെ പരാതികൾ സ്വീകരിക്കുകയും അവയ്ക്കുള്ള നടപടികൾ എടുത്തുവരികയും ചെയ്യുന്നു.<br>ഓരോ ജില്ലയിലും അപ്പലേറ്റ് ട്രിബ്യൂണൽ സ്ഥാപിക്കുകയും ജില്ലാ കളക്ടർമാരെ ട്രിബ്യൂണലിന്റെ പ്രിസൈഡിംഗ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>ജില്ലാ സാമൂഹ്യക്ഷേമ ഓഫീസർമാരെ മെയിന്റനൻസ് ഓഫീസർമാരായി പദവി നൽകുകയും ചെയ്തിട്ടുണ്ട്.<br>മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം സംസ്ഥാന കൗൺസിലും ജില്ലാ കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. |

R. Vijayan

സെക്ഷൻ ഓഫീസർ